REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 01-10-2023 | സമയം 12.30 PM

## പ്രധാന വാർത്തകൾ

- പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ ആഹ്വാനപ്രകാരം രാജ്യത്തുടനീളം ലക്ഷക്കണക്കിന് ആളുകൾ ഇന്ന് മെഗാ ശുചീകരണ യജ്ഞത്തിൽ പങ്കാളികളായി.
- തദ്ദേശ വകുപ്പ് കുടുംബശ്രീയുമായി ചേർന്ന് നടപ്പാക്കുന്ന തിരികെ സ്കൂളിൽ ക്യാമ്പയിൻ തൃത്താലയിൽ മന്ത്രി M.B രാജേഷ് ഉദ്ഘാടനം ചെയ്തു.
- ഹാങ്ഷൗ ഏഷ്യൻ ഗെയിംസിന്റെ എട്ടാം ദിവസമായ ഇന്ന് ഇന്ത്യ ഒരു സ്വർണവും രണ്ട് വെള്ളിയും സ്വന്തമാക്കി. ഇതോടെ ഇന്ത്യക്ക് 41 മെഡലുകളായി.
- ISL ഫുട്ബോളിൽ കൊച്ചിയിൽ ഇന്ന് കേരളാ ബ്ലാസ്റ്റേഴ്സ്, ജംഷഡ്പൂർ FC-യെ നേരിടും.

## വാർത്തകൾ വിശദമായി

പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ ആഹ്വാനപ്രകാരം രാജ്യത്തുടനീളം ലക്ഷക്കണക്കിന് ആളുകൾ ഇന്ന് മെഗാ ശുചീകരണ യജ്ഞത്തിൽ പങ്കാളികളായി. പ്രമുഖ രാഷ്ട്രീയ നേതാക്കൾ വിവിധ കേന്ദ്രങ്ങളിൽ ശുചീകരണ ശ്രമദാന ദൗത്യത്തിന് നേതൃത്വം നൽകി. കേന്ദ്രമന്ത്രിമാരായ അമിത്ഷാ, ഗജേന്ദ്രസിംഗ് ഷെഖാവത്ത്, മീനാക്ഷി ലേഖി, BJP അധ്യക്ഷൻ J.P നദ്ദ, പാർട്ടി നേതാവ് രവിശങ്കർ പ്രസാദ് തുടങ്ങിയവർ സ്വച്ഛതാ അഭിയാനിൽ പങ്കു ചേർന്നു. വിവിധ സംസ്ഥാനങ്ങളിൽ മുഖ്യമന്ത്രിമാരും മറ്റു പ്രമുഖ നേതാക്കളും ശ്രമദാന പരിപാടിയിൽ പങ്കെടുത്തു.

മഹാത്മാഗാന്ധിയുടെ ജന്മദിന തലേന്ന് അദ്ദേഹത്തിന് ആദരമർപ്പിക്കാൻ രാവിലെ 10 മണിക്ക് ഒരു മണിക്കൂർ ശ്രമദാനം നടത്താൻ പ്രധാനമന്ത്രി നരേന്ദ്രമോദി കഴിഞ്ഞ മൻ കി ബാത്ത് പരിപാടിയിൽ ജനങ്ങളെ ആഹ്വാനം ചെയ്തിരുന്നു.

ഗ്രാമ- നഗരങ്ങളിലും. വ്യോമയാന-റെയിൽവെ കേന്ദ്രങ്ങൾ, പൊതു സ്ഥാപന പരിസരം, ജലാശയങ്ങൾ, വിനോദസഞ്ചാര കേന്ദ്രങ്ങൾ, ആരാധനാലയങ്ങൾ എന്നിവിടങ്ങളിൽ സമൂഹത്തിന്റെ നാനാതുറകളിൽപ്പെട്ടവർ സംബന്ധിച്ചു.

മെഗാ ശുചത്വ കാമ്പയിനിൽ, നഗരങ്ങളിലും ഗ്രാമങ്ങളിലും നിന്ന് ആറ് ലക്ഷത്തി 40 നായിരത്തിലധികം സ്ഥലങ്ങൾ ശ്രമദാനത്തിനായികണ്ടെത്തിയിരുന്നു. ഒരു ലക്ഷത്തോളം പാർപ്പിട മേഖലകളിൽ സന്നദ്ധസേവനം നടത്താൻ നിരവധി റസിഡന്റ് വെൽഫെയർ അസോസിയേഷനുകളും മുന്നോട്ട് വന്നു. രാജ്യത്തുടനീളം 35,000 അങ്കണവാടികളിലും ശുചീകരണ പരിപാടി നടത്തി. സേനാ വിഭാഗങ്ങളും ശ്രമദാന ദൗത്യത്തിൽ പങ്കുചേർന്നു.

✪✪✪

സ്വച്ഛതാ ക്യാമ്പയിന്റെ ഭാഗമായി കാസർകോട്ട്, തിരുവനന്തപുരം- വന്ദേഭാരത് എക്സ്പ്രസ് ട്രെയിൻ ഉച്ചയ്ക്ക് ശുചീകരിക്കും. കാസർകോട് റെയിൽവെ സ്റ്റേഷനിൽ ട്രെയിനിന്റെ 16 കോച്ചിലും മൂന്ന് പേരെ വീതം ശുചീകരണത്തിന് നിയോഗിച്ചിട്ടുണ്ട്.

✪✪✪

പ്രധാനമന്ത്രിയുടെ ആഹ്വാനപ്രകാരം സ്വച്ഛതാ ഹി സേവയുടെ ഭാഗമായി കോഴിക്കോട് തൊണ്ടയാട് മെഡിക്കൽ കോളേജ് റോഡ് പരിസരം ശുചീകരിച്ചു. BJP ജില്ലാപ്രസിഡന്റ് V.K.സജീവൻ നേതൃത്വം നൽകി.

✪✪✪

തീരസുരക്ഷാ സേനയുടെയും കവരത്തി ജില്ലാ ഭരണ കൂടത്തിന്റെയും നേതൃത്വത്തിൽ ലക്ഷദ്വീപിൽ തീരദേശ ശുചീകരണ ക്യാമ്പയിൻ സംഘടിപ്പിച്ചു. കവരത്തിയിൽ നടന്ന ശുചീകരണത്തിന് തീരസുരക്ഷാ കമാൻഡർ കമാന്റന്റ് ഹർദീപ് സിംഗ് മന്തർ നേതൃത്വം നൽകി. NCC കേഡറ്റുകളും ശുചീകരണത്തിൽ പങ്കെടുത്തു.

✪✪✪

ശുചിത്വം തന്നെ സേവനം എന്ന സന്ദേശമുയർത്തി സ്വച്ഛ ഭാരത് സേവനവാരത്തിന് ബിജെപിയുടെ ആഭിമുഖ്യത്തിൽ ആലപ്പുഴയിൽ തുടക്കമായി. ചെങ്ങന്നൂർ മിനി സിവിൽ സ്റ്റേഷൻ പരിസരം ശുചീകരിച്ചുകൊണ്ട് സംസ്ഥാന തല ഉദ്ഘാടനം BJP സംസ്ഥാന പ്രസിഡന്റ് K സുരേന്ദ്രൻ നിർവ്വഹിച്ചു.

മാലിന്യനിർമാർജനത്തിലെ ഗുരുതര വീഴ്ചയാണ് സാംക്രമിക രോഗങ്ങളും പകർച്ചവ്യാധികളും സംസ്ഥാനത്ത് വ്യാപിക്കാൻ കാരണം എന്ന് അദ്ദേഹം പറഞ്ഞു.

സ്വച്ഛതാ ഹി സേവാ പരിപാടിക്ക് കണ്ണൂർ ജില്ലയിൽ മികച്ച പ്രതികരണം. കനത്ത മഴയെ അവഗണിച്ചാണ് റെയിൽവേ സ്റ്റേഷനുകളിലും മറ്റും നിരവധി ആളുകൾ ശുചീകരണത്തിൽ പങ്കാളികളായത്.

✪✪✪

തദ്ദേശ ഭരണ വകുപ്പ് കുടുംബശ്രീ സംസ്ഥാന മിഷന്റെ ആഭിമുഖ്യത്തിൽ നടപ്പാക്കുന്ന തിരികെ സ്കൂളിൽ  ക്യാമ്പയിന്റെ സംസ്ഥാനതല പരിപാടി രാവിലെ തൃത്താലയിൽ മന്ത്രി M.B രാജേഷ് ഉദ്ഘാടനം ചെയ്തു. കുടുംബശ്രീ ത്രിതല സംഘടനാ സംവിധാനം ശക്തിപ്പെടുത്താൻ ലക്ഷ്യമിട്ട് സംസ്ഥാനത്തെ 46 ലക്ഷം അയൽക്കൂട്ട അംഗങ്ങൾക്കും വിദഗ്ധ പരിശീലനം നൽകുന്നതാണ് പദ്ധതി.

സ്കൂൾ വിദ്യാഭ്യാസ കാലം പുനഃരവതരിപ്പിക്കുന്ന മാതൃകയിലാണ് പരിശീലനം. വിദ്യാഭ്യാസ വകുപ്പുമായി സഹകരിച്ച് അവധി ദിവസങ്ങളിൽ സ്കൂളുകളിലെ ക്ലാസ് മുറികളിലായിരിക്കും പരിശിലനം.

✪✪✪

SSLC പരീക്ഷാർത്ഥികൾക്കായി ആകാശവാണി കണ്ണൂർ നിലയത്തിന്റെ റേഡിയോ ടീച്ചർ പ്രക്ഷേപണ പരമ്പര ഇന്ന് ആരംഭിക്കും. ഇന്ന് മുതൽ 2024 ഫെബ്രുവരി 29 വരെ എല്ലാ ദിവസവും രാത്രി 8 മണിക്കാണ് പ്രക്ഷേപണം. ഓരോ വിഷയത്തിലെയും സാധ്യതാ ചോദ്യങ്ങൾ ഉൾക്കൊള്ളിച്ച് അധ്യാപകരെയും പത്താം ക്ലാസിലെ രണ്ട് കുട്ടികളടങ്ങുന്ന ടീമുകളെയും ചേർത്താണ് പരിപാടി. ആകാശവാണി കണ്ണൂർ എന്ന യുട്യൂബ് ചാനലിലും ഒഫീഷ്യൽ വാട്സാപ്പ് ഗ്രൂപ്പിലും പ്രക്ഷേപണം കഴിഞ്ഞ പ്രശ്നോത്തരിയുടെ ശബ്ദലേഖനം കേൾക്കാം.

✪✪✪

ഇന്ന് ലോക വയോജന ദിനം. "മാറിക്കൊണ്ടിരിക്കുന്ന ലോകത്ത് പ്രായമായവരുടെ പ്രതിരോധം" എന്നതാണ് ഈ വർഷത്തെ വയോജന ദിനാചരണ പ്രമേയം.

മുതിർന്ന പൗരന്മാരുടെ എണ്ണം വർദ്ധിക്കുന്ന സാഹചര്യത്തിൽ അവർക്ക് കൂടുതൽ പരിരക്ഷയും ശ്രദ്ധയും നൽകുന്നതിന്റെ ആവശ്യകത ജനങ്ങളെ ബോധ്യപ്പെടുത്താനാണ് ഐക്യരാഷ്ട്ര സംഘടന  ഒക്ടോബർ ഒന്ന് ലോക വയോജന ദിനമായി പ്രഖ്യാപിച്ചത്.

✪✪✪

പ്രതിപക്ഷ നേതാവിന്റെ വാർത്താസമ്മേളനവും നിയമസഭ പ്രസംഗവും സമൂഹമാധ്യമങ്ങളിൽ പങ്കുവെച്ചതിന് നികുതി വകുപ്പ് ഉദ്യോഗസ്ഥർക്കെതിരെ ഗവണ്മെന്റ് സ്വീകരിച്ച അച്ചടക്ക നടപടി ഇരട്ടനീതിയും ജനാധിപത്യവിരുദ്ധവുമാണെന്ന്  വി.ഡി സതീശൻ കുറ്റപ്പെടുത്തി.

നികുതി വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥനും സ്റ്റേറ്റ് എംപ്ലോയീസ് യൂണിയൻ സംസ്ഥാന സെക്രട്ടറിയുമായ അഷറഫ് മാണിക്യത്തിനെയാണ് സസ്പെൻഡ് ചെയ്തത്. പ്രതിപക്ഷ സർവീസ് സംഘടനയിലെ ആറോളം പേർക്കും നോട്ടീസ് നൽകിയിട്ടുണ്ട്.

✪✪✪

ഇല്ലാത്ത അയിത്തം ഉണ്ടെന്നു സ്ഥാപിക്കാൻ ശ്രമിക്കു ന്നവർക്കു ഭിന്നിപ്പിച്ചു ഭരിക്കുകയെന്ന ഗൂഢലക്ഷ്യമാണുള്ളതെന്ന് കേന്ദ്ര വിദേശകാര്യ സഹ മന്ത്രി

V.മുരളീധരൻ പറഞ്ഞു. പന്തളത്ത് യോഗ ക്ഷേമസഭ സംസ്ഥാന സമ്മേളന ത്തോടനുബന്ധിച്ച് പൊതു സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. മറ്റു വിവാദങ്ങളിൽ നിന്ന് രക്ഷപ്പെടാൻ പാവപ്പെട്ട ശാന്തിക്കാരെ ബലിയാടാക്കുന്നത് അനീതിയാണെന്നും വി. മുരളീധരൻ പറഞ്ഞു.

✪✪✪

കരുവന്നൂർ സഹകരണ ബാങ്കിൽ അഴിമതി നടന്നിട്ടുണ്ടെന്നും ഇക്കാര്യം E D അന്വേഷിക്കുമ്പോൾ അതിനെ കുറ്റം പറയാൻ കഴിയില്ലെന്നും കോൺഗ്രസ് നേതാവ് K. മുരളീധരൻ M.P പറഞ്ഞു. കോൺഗ്രസ് പാർട്ടി കരുവന്നൂർ ബാങ്കിനെ സംരക്ഷിക്കാനില്ലെന്നും അദ്ദേഹം കോഴിക്കോട്ട് പറഞ്ഞു.

✪✪✪

സംസ്ഥാനത്തെ ട്രെയിൻ സർവീസുകളിൽ ഇന്ന് മുതൽ സമയമാറ്റം നിലവിൽ വന്നു. ഏതാനും സർവീസുകൾ നീട്ടി. തിരുവനന്തപുരം -മധുര അമൃത എക്സ്പ്രസ് ഇന്ന് മുതൽ രാമേശ്വരം വരെ സർവീസ് നടത്തും. ഗുരുവായൂർ പുനലൂർ എക്സ്പ്രസ് മധുരയിലേക്ക് നീട്ടി.

തിരുനെൽവേലി -പാലക്കാട് പാലരുവി എക്സ്പ്രസ് തൂത്തുകുടി വരെ സർവീസ് നടത്തും. ഇതിന് പുറമെ തിരുവനന്തപുരം, പാലക്കാട് ഡിവിഷൻ ഉൾപ്പെടുന്ന സതേൺ റെയിൽവേക്ക് കീഴിലെ 34 ട്രെയിനുകളുടെ വേഗത കൂട്ടി. ഒപ്പം 199 ട്രെയിനുകൾക്ക് അധിക സ്റ്റോപ്പുകളും അനുവദിച്ചു

ചെന്നൈ- മംഗലൂരു വെസ്റ്റ് കോസ്റ്റ് എക്സ്പ്രസ്, എറണാകുളം - തിരുവനന്തപുരം വഞ്ചിനാട് എക്സ്പ്രസ് അടക്കം ട്രെയിനുകളുടെ സമയത്തിൽ ഇന്നു മുതൽ മാറ്റമുണ്ട്. പുതുക്കിയ സമയക്രമം നാഷണൽ ട്രെയിൻ എൻക്വയറി സിസ്റ്റം മൊബൈൽ ആപ്പിലും വെബ്സൈറ്റിലും ലഭ്യമാകും.

✪✪✪

അന്തരിച്ച പ്രശസ്ത കാർട്ടൂണിസ്റ്റും ഹാസ സാഹിത്യകാരനുമായ സുകുമാറിന്റെ ഭൗതിക ശരീരം വൈകിട്ടോടെ തൃപ്പൂണിത്തുറ ഏമ്പ്രാൻമഠം ശ്മശാനത്തിൽ സംസ്കരിക്കും. ഉച്ചകഴിഞ്ഞ് മൂന്നു വരെ ഭൗതിക ശരീരത്തിൽ അന്ത്യാഞ്ജലിയർപ്പിക്കാൻ അദ്ദേഹത്തിന്റെ വസതിയിൽ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. വാർദ്ധക്യ സഹജമായ അസുഖങ്ങളെ തുടർന്ന് ഇന്നലെ രാത്രിയായിരുന്നു 91 കാരനായ സുകുമാറിന്റെ അന്ത്യം.

✪✪✪

ഹാങ്ഷു ഏഷ്യൻ ഗെയിംസിന്റെ എട്ടാം ദിവസമായ ഇന്ന് ഇന്ത്യ ഒരു സ്വർണവും രണ്ട് വെള്ളിയും സ്വന്തമാക്കി. ഇതോടെ ഇന്ത്യക്ക് 41 മെഡലുകളായി.

11 സ്വർണവും 16 വെള്ളിയും 14 വെങ്കലവുമാണ് ഇന്ത്യക്ക് ലഭിച്ചത്. പുരുഷ ഷൂട്ടിംഗിലെ ട്രാപ്പ് ടീമാണ് സ്വർണം സ്വന്തമാക്കിയത്. വനിതാ ഷൂട്ടിംഗ് ട്രാപ്പ്

ഇനത്തിലും ഇന്ത്യ വെള്ളിമെഡൽ നേടി. വനിതാ വ്യക്തിഗത ഗോൾഫ് മത്സരത്തിലും ഇന്ത്യക്ക് രണ്ടാം സ്ഥാനം ലഭിച്ചു.

ഇന്നലെ മിക്സഡ് ഡബിൾസ് ടെന്നീസിൽ രോഹൻ ബൊപ്പണ്ണ - റിതുജ ഭോസ്-ലെ സഖ്യവും, സ്ക്വാഷ് ടീം ഇനത്തിൽ സൗരവ് ഘോസാൽ, അഭയ് സിംഗ്, മഹേഷ് മങ്കോൺകർ, കൂട്ടുകെട്ടും സ്വർണം നേടി.

ഇന്ന് ഇന്ത്യൻ പുരുഷ ബാഡ്മിന്റൺ ടീം ഫൈനലിൽ ചൈനയെ നേരിടും. സെമിയിൽ ഇന്നലെ കൊറിയയെ തോൽപ്പിച്ചാണ് ഇന്ത്യ ഫൈനലിസ്റ്റുകളായത്.

✪✪✪

ISL ഫുട്ബോളിൽ കൊച്ചിയിൽ ഇന്ന് കേരളാ ബ്ലാസ്റ്റേഴ്സ്, ജംഷഡ്പൂർ FC-യെ നേരിടും. രാത്രി എട്ടിന് ജവഹർലാൽ നെഹ്റു സ്റ്റേഡിയത്തിലാണ് മത്സരം.

✪✪✪

എറണാകുളം ഗോതുരുത്തിലെ കടവാതുരുത്തിൽ ഇന്നലെ അർദ്ധരാത്രിയോടെ കാർ പെരിയാറിൽ വീണ് രണ്ട് യുവ ഡോക്ടർമാർ മരിച്ചു. കൊടുങ്ങല്ലൂരിലെ സ്വകാര്യ ആശുപത്രി ഡോക്ടർമാരായ അജ്മൽ, അദ്വൈത് എന്നിവരാണ് മരിച്ചത്. കാറിൽ ഉണ്ടായിരുന്ന നേഴ്സ് ഉൾപ്പെടെ മറ്റു മൂന്നുപേരെ നാട്ടുകാരും ഫയർഫോഴ്സും ചേർന്ന് രക്ഷപ്പെടുത്തി.

കനത്ത മഴയെ തുടർന്ന് ദിശ അറിയാതെ എത്തിയ കാറാണ് അപകടത്തിൽപ്പെട്ടത്. പുഴയോട് ചേർന്ന് റോഡ് അവസാനിക്കുന്ന ഭാഗത്താണ് അപകടം ഉണ്ടായത്.

✪✪✪

തിരുവനന്തപുരം പാളയത്ത് പോലീസ് വാഹനം നിയന്ത്രണം വിട്ട് വൈദ്യുതി പോസ്റ്റിലിടിച്ച് ഒരു ഉദ്യോഗസ്ഥൻ മരിച്ചു- രണ്ടു പേർക്ക് പരിക്കേറ്റു. രാവിലെ ആറു മണിയോടെ ഉണ്ടായ അപകടത്തിൽ കൺട്രോൾ റൂമിലെ അജയൻ എന്ന പോലീസുകാരനാണ് മരിച്ചത്.

✪✪✪

തമിഴ്നാട് നീലഗിരി കൂനൂരിൽ ടൂറിസ്റ്റ് ബസ് 50 അടി താഴ്ചയിലേക്ക് മറിഞ്ഞ് എട്ടു പേർ മരിച്ചു. 42 പേർക്ക് പരിക്കേറ്റു. ഊട്ടിയിൽ നിന്ന് തെങ്കാശിയിലേക്ക് പോകുന്ന 60 പേരടങ്ങിയ വിനോദസഞ്ചാരികളാണ് അപകടത്തിൽപ്പെട്ടത്. പരിക്കേറ്റവരെ ഊട്ടിയിലെയും കോയമ്പത്തൂരിലെയും ആശുപത്രികളിൽ പ്രവേശിപ്പിച്ചു.

✪✪✪

വന്യജീവി വാരാഘോഷത്തിന്റെ ഭാഗമായി നാളെ മുതൽ എട്ടു വരെ സംസ്ഥാനത്തെ ദേശീയ ഉദ്യാനങ്ങളിലും വന്യജീവി സങ്കേതങ്ങളിലും പ്രവേശനത്തിന് ഫീസ് ഒഴിവാക്കി. എന്നാൽ ഇത്തരം കേന്ദ്രങ്ങളിലെ മറ്റു സേവനങ്ങൾക്ക് നിലവിൽ ഏർപ്പെടുത്തിയ ഫീസുകൾ ബാധകമായിരിക്കും.

✪✪✪

കരുവന്നൂർ സഹകരണ ബാങ്കിൽ അഴിമതി നടന്നിട്ടുണ്ടെന്നും ഇക്കാര്യം E D അന്വേഷിക്കുമ്പോൾ അതിനെ കുറ്റം പറയാൻ കഴിയില്ലെന്നും കോൺഗ്രസ് നേതാവ് K. മുരളീധരൻ M.P പറഞ്ഞു. കോൺഗ്രസ് പാർട്ടി കരുവന്നൂർ ബാങ്കിനെ സംരക്ഷിക്കാനില്ലെന്നും അദ്ദേഹം കോഴിക്കോട്ട് പറഞ്ഞു.

✪✪✪

കേരള ഗസറ്റ്ഡ് ഓഫീസേഴ്സ് അസോസിയേഷൻ സംസ്ഥാന കലോത്സവം ഇന്നും നാളെയുമായി കണ്ണൂരിൽ നടക്കും. കണ്ണൂർ ഗവ. വനിത കേളേജിലെ ആറ് വേദികളിലായി 33 ഇനങ്ങളിലാണ് കലാ മത്സരങ്ങൾ.

✪✪✪

സംസ്ഥാനത്ത് അടുത്ത നാല് ദിവസം കൂടി മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. അറബിക്കടലിലെ ന്യൂനമർദ്ദം തീവ്ര ന്യൂനമർദ്ദമായി മാറിയതുകൊണ്ടും ബംഗാൾ ഉൾക്കടലിനു മുകളിൽ മറ്റൊരു ന്യൂനമർദ്ദം രൂപപ്പെട്ടതുകൊണ്ടുമാണ് ശക്തമായ മഴ പ്രതീക്ഷിക്കുന്നത്.

ഇന്ന് അഞ്ച് ജില്ലകളിൽ മഞ്ഞ ജാഗ്രത നൽകിയിട്ടുണ്ട്. ആലപ്പുഴ, എറണാകുളം, തൃശൂർ, കോഴിക്കോട്, കണ്ണൂർ ജില്ലകളിലാണ് ജാഗ്രത നൽകിയത്.

✪✪✪

കോട്ടയം ജില്ലയിൽ ശക്തമായ മഴ തുടരുന്ന സാഹചര്യത്തിൽ കല്ക്ട്രേറ്റുകളിലും താലൂക്ക് ഓഫീസുകളിലും 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂമുകൾ തുറന്നു. പ്രകൃതിക്ഷോഭ ദുരിത്വാശ്വാസ സേവനങ്ങൾക്കായി കൺട്രോൾ റൂമുകളുമായി ബന്ധപ്പെടാവുന്നതാണ്.

✪✪✪